പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ : T 2496

12/02/2020 - ൽ മറുപടിക്ക്

## കെയർ കേരള പദ്ധതി

ചോദ്യം

ശ്രീ.വി.അബ്ദുറഹിമാൻ

മറുപടി

ശ്രീ. കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും വിനോദ സഞ്ചാരവും
ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | പ്രളയത്തിൽ വീടുകൾ നഷ്ടപ്പെട്ടവർക്കായുള്ള കെയർ കേരള പദ്ധതിയുടെ പ്രവർത്തന പുരോഗതി അറിയിക്കുമോ ; | എ) | കെയർ കേരള പദ്ധതിയുടെ ഉപപദ്ധതിയായ കെയർ ഹോം പദ്ധതി പ്രകാരം സംസ്ഥാനത്തൊട്ടാകെ ആദ്യഘട്ടത്തിൽ 2086 വീടുകളാണ് നിർമ്മിച്ച് നൽകുന്നത്. 2020 ജനുവരി 27 വരെ 1938 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ച് അതാത് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്. 10 വീടുകൾ നിർമ്മാണം പൂർത്തിയായി കൈമാറ്റത്തിന് സജ്ജമായിട്ടുണ്ട്. 15 വീടുകളുടെ റൂഫ് കോൺക്രീറ്റിംഗ് പൂർത്തീകരിച്ചും, 15 വീടുകളുടെ ലിന്റൽ ലെവൽ വരെയുള്ള നിർമ്മാണം പൂർത്തികരിച്ചും പണി തുടർന്നുവരുന്നു. 24 വീടുകളുടെ അടിസ്ഥാന നിർമ്മാണം പൂർത്തീകരിച്ചും, 20 വീടുകളുടെ കല്ലിടൽ നടത്തിയും നിർമ്മാണ പ്രവർത്തനങ്ങൾ തുടർന്നു വരികയാണ്. ശേഷിക്കുന്ന 64 വീടുകളുടെ നിർമ്മാണം പ്രാരംഭ ഘട്ടത്തിലാണ്. |
| ബി) | പ്രസ്തുത പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ; പദ്ധതിക്കായി എത്ര തുകയാണ് മാറ്റി വച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | ബി) | സംസ്ഥാനത്തുണ്ടായ പ്രളയ ദുരന്തത്തിന്റെ ഫലമായി വീടും, സ്വത്തുക്കളും, ജീവനോപാധികളും നഷ്ടപ്പെട്ട കുടുംബങ്ങളുടെ പുനരധിവാസത്തിന് സംസ്ഥാന സർക്കാരിനൊപ്പം ചേർന്ന് സഹകരണവകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന പദ്ധതിയാണ് CARe Kerala (Co-Operative Alliance to Rebuild Kerala). ഇതിൽ ഏറ്റവും പ്രധാനപ്പെട്ട പദ്ധതിയാണ് കെയർ ഹോം. പ്രളയ ദുരന്തത്തെ തുടർന്ന് സമ്പൂർണ്ണമായും വീട് നഷ്ടപ്പെട്ടവർക്ക് സഹകരണ സംഘങ്ങളുടെ സഹായത്തോടെ വീട് നിർമ്മിച്ച് നൽകുന്ന പദ്ധതിയാണ് കെയർ ഹോം പദ്ധതി. പദ്ധതിയുടെ ആദ്യഘട്ടത്തിൽ സംസ്ഥാനത്തൊട്ടാകെ 2086 വീടുകളാണ് നിർമ്മിച്ച് നൽകുന്നത്.<br>എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഉൾക്കൊള്ളിച്ചുള്ള നിർമ്മാണ രീതിയാണ് അവലംബിച്ചിട്ടുള്ളത്. സംസ്ഥാന ദുരന്ത പ്രതികരണ |

| | | | |
|---|---|---|---|
| | | | നിധിയിൽ നിന്നുള്ള തുക ഉൾപ്പെടെ ആകെ 5 ലക്ഷം രൂപയാണ് വീടൊന്നിന് നിർമ്മാണത്തിനായി അനുവദിക്കുന്നത്. പദ്ധതി പ്രകാരം നൽകുന്ന തുകയ്ക്ക് പുറമേ ഗുണഭോക്താക്കൾ അവരുടെ വിഹിതം വീട് നിർമ്മാണത്തിനായി വിനിയോഗിക്കുന്നുണ്ട്. 2020 ജനുവരി 27 വരെ സംസ്ഥാനത്തൊട്ടാകെ 1948 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി നടന്നു വരുന്നു.<br>സംസ്ഥാനത്തെ, തുക സംഭാവന നൽകാൻ കഴിവുള്ള സഹകരണ സ്ഥാപനങ്ങളിൽ നിന്നും സമാഹരിച്ച 52,68,69,506/- രൂപയും സഹകരണ വകുപ്പിന്റെ കൈവശമുള്ള മെമ്പർ റിലീഫ് ഫണ്ടിൽ നിന്നും അനുവദിച്ച 35 കോടി രൂപയും ചേർത്ത് ആകെ 87,68,69,506/-രൂപയിൽ നിന്നാണ് കെയർ ഹോം പദ്ധതിയുടെ ഒന്നാം ഘട്ട നിർവ്വഹണത്തിന് തുക ചെലവഴിക്കുന്നത്.<br>കെയർ ഹോം പദ്ധതിയുടെ രണ്ടാം ഘട്ട നിർവ്വഹണത്തിനായി സഹകരണ സ്ഥാപനങ്ങൾ അവരുടെ ലാഭവിഹിതം പൊതുയോഗത്തിന്റെ അംഗീകാരത്തോടെ സംഭാവനയായി അനുവദിക്കുന്നുണ്ട്. രണ്ടാം ഘട്ടം ഉടൻ ആരംഭിക്കുന്നതാണ്. |
| സി) | പദ്ധതി എപ്പോൾ പൂർത്തി-യാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ? | സി) | കെയർ ഹോം പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ സംസ്ഥാനത്തൊട്ടാകെ 2086 വീടുകളാണ് നിർമ്മിച്ചു നൽകുന്നത്. 2020 ജനുവരി 27 വരെ സംസ്ഥാനത്തൊട്ടാകെ 1948 വീടുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ തുടർന്നു വരുന്ന 74 വീടുകളുടെ നിർമ്മാണം 2020 മാർച്ച് 31- നകം പൂർത്തീകരിക്കുന്നതിനു ലക്ഷ്യമിടുന്നു. ശേഷിക്കുന്ന 64 വീടുകളുടെ നിർമ്മാണം പ്രാരംഭ ഘട്ടത്തിലാണ്. ടി വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ച് 3 മാസത്തിനകം പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.<br>കെയർ ഹോം പദ്ധതിയുടെ രണ്ടാം ഘട്ടപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു വരികയാണ് |

സെക്ഷൻ ഓഫീസർ